**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2538** **02-08-2021 - ൽ മറുപടിയ്ക്ക്**

**പ്രൈമറി സ്കൂളുകളിലെ പ്രധാനാധ്യാപക സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രധാനാധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എൽ.പി, യു.പി. വിഭാഗത്തിലെ എത്ര അധ്യാപകർ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തരംതിരിച്ച് നൽകുമോ; | (എ) | നിലവിലുണ്ട്. 1997-2002 ലിസ്റ്റിലെ പി.ഡി. ടീച്ചർമാരുടെ എണ്ണം - 256 2003-2005 ലിസ്റ്റിലെ പി.ഡി. ടീച്ചർമാരുടെ എണ്ണം - 358 |
| (ബി) | പ്രൈമറി സ്കൂളുകളിലെ പ്രധാന അധ്യാപക സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രഥമാധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. പ്രൈമറി പ്രഥമാധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ ഒന്നിലധികം കേസുകളും നിലവിലുണ്ട്. കോടതി വ്യവഹാരം അവസാനിപ്പിച്ച് ടി അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | 2020-21 വർഷത്തിൽ നടന്നിട്ടുള്ള അന്തർ ജില്ലാസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് എൽ.പി.സ്കൂൾ അധ്യാപകർ എറണാകുളം ജില്ലയിൽ നിന്നും മറ്റു ജില്ലകളിലേക്ക് പോയിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇപ്രകാരം ഉണ്ടായിട്ടുള്ള എൽ.പി.എസ്.ടി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 3 അധ്യാപകർ അന്തർ ജില്ലാ സ്ഥലംമാറ്റം മുഖേന മറ്റ് ജില്ലകളിലേയ്ക്ക് പോയിട്ടുണ്ട്. ആയതിന് ആനുപാതികമായി കേഡർ നിലയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ